പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1057.

08.01.2014-ലെ മറുപടിയ്ക്ക്

## കോവളം ബീച്ച് ലൈറ്റിംഗ് പദ്ധതി.

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ബി.സത്യൻ | | ശ്രീ.എ.പി.അനിൽകുമാർ<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) | കോവളം ബീച്ച് ലൈറ്റിംഗ് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) കോവളം ബീച്ച് ടൂറിസ്റ്റ് മേഖലയിൽ 1,62,00,000/- രൂപയുടെ 'റീവാംപിംഗ് ഓഫ് ലൈറ്റിംഗ് സിസ്റ്റം അറ്റ് കോവളം ബീച്ച്' എന്ന ഒരു പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതി തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, കേരളാ കോസ്റ്റൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (KSCADC) എന്നിവ മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഭരണാനുമതി ലഭിച്ച തുകയുടെ 50% തിരുവനന്തപുരം ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന് കൈമാറിയിട്ടുണ്ട്. |
| (ബി) | സമഗ്ര കോവളം വികസന പദ്ധതിയിൽ സൗരോർജ്ജ ബീച്ച് ലൈറ്റിംഗ് പദ്ധതി ഉൾപ്പെടുത്തിയിരുന്നുവോ; ഇതിനായി ട്രിവാൻഡ്രം സിറ്റി ഗ്ലോബൽ ഇനിഷ്യേറ്റീവിനെ നിയോഗിക്കുകയുണ്ടായോ; | (ബി) സൗരോർജ്ജ ബീച്ച് ലൈറ്റിംഗ് പദ്ധതി ഉൾപ്പെടുത്തിയിരുന്നു.<br><br>ഇതിനായി ട്രിവാൻഡ്രം സിറ്റി ഗ്ലോബൽ ഇനിഷ്യേറ്റീവിനെ നിയോഗിച്ചിട്ടില്ല. |
| (സി) | സമഗ്ര കോവളം വികസന പദ്ധതിയുടെ ഉദ്ഘാടന വേളയിൽ സോളാർ പാനലുകൾ പ്രദർശിപ്പിച്ച സ്ഥാപനം ഏതായിരുന്നു; | (സി) ശ്രീ.ശ്യാം എന്ന വ്യക്തി അദ്ദേഹത്തിന്റെ നേതൃത്വത്തിൽ അലക്സി എന്ന ബ്രിട്ടീഷ് പൗരന്റെ ഉപദേശ പ്രകാരം തയ്യാറാക്കിയ സോളാർ സൈക്കിൾ, ലൈറ്റ് എന്നിവ പൊതുജന അറിവിലേയ്ക്കായി പ്രദർശിപ്പിച്ചിരുന്നു. |

(ഡി) കോവളത്ത് സോളാർ പാനൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീമതി.സരിത എസ്.നായർ ടൂറിസം വകുപ്പ് മന്ത്രിയ്ക്ക് സമർപ്പിച്ചിരുന്ന പ്രൊപ്പോസ്സൽ എന്തായിരുന്നു; ആയതിന്മേൽ മന്ത്രി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഇ) ഏത് സ്ഥാപനം വഴി സോളാർ പദ്ധതി നടപ്പിൽ വരുത്താനായിരുന്നു ശ്രീമതി.സരിത.എസ്. നായർ നിർദ്ദേശം സമർപ്പിച്ചിരുന്നത്?

**<u>(ഡി)</u>യും <u>(ഇ)</u>യും**

ഇത്തരം പ്രൊപ്പോസലുകളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ